# MAHATMA GANDHI COLLEGE
IRITTY
MAGAZINE 2013-14



AiM
Pre-Recruitment & Training

# DESIGN YOUR LIFE

**രാജ്യസേവനവും**
**ഗവൺമെന്റ് ജോലിയും**
**ഒരുമിച്ച് നേടാൻ....**
**AiM PRTC**
**യുമായി ബന്ധപ്പെടുക**

Reg. No.580/11, Second Floor
Tavakkal Complex, Iritty-03
aim.prtc@gmail.com

- ഫിസിക്കൽ ട്രെയിനിംഗുകൾ
- സൈനിക പരീക്ഷാ പരിശീലനങ്ങൾ
- മെഡിക്കൽ ചെക്കപ്പുകൾ
- വിദഗ്ദ്ധരുടെ മോട്ടിവേഷൻ ക്ലാസ്സുകൾ
- സൗജന്യ കരിയർ ഗൈഡൻസുകൾ
- പ്രഗത്ഭ അദ്ധ്യാപകരുടെ ക്ലാസ്സുകൾ
- പെൺകുട്ടികൾക്കും നിരവധി അവസരങ്ങൾ

**WAY TO WIN - AiM PRTC, IRITTY**



സേനകളിലേക്കുള്ള പ്രവേശനങ്ങൾ സുതാര്യവും
സത്യസന്ധതയുള്ളതുമാണ്. ഏജന്റുമാർ എന്ന്
നടിക്കുന്നവരിലൂടെ വഞ്ചിതരാകാതിരിക്കാൻ ശ്രദ്ധിക്കുക.

ഏതു നിമിഷവും വ്രണപ്പെടാവുന്ന
വികാരവുമായി നടക്കുന്നവരുടെ നാട്ടിൽ
ഏതുനിമിഷവും അറ്റുവീഴ്ത്തപ്പെട്ടേക്കാവുന്ന
കൈകൾ കൊണ്ടെഴുതിയത്.




ആൾക്കൂട്ടങ്ങൾക്കും ആരവങ്ങൾക്കും ഇടയിൽ
ആരാലും തിരിച്ചറിയപ്പെടാതെ ഒറ്റയ്ക്ക് നടന്നുപോയവർക്ക്......
നഷ്ടപ്രണയങ്ങൾക്ക്.
പിന്നെ ഗാസയിലെ കുഞ്ഞുങ്ങൾക്കും-

# mahatma gandhi college iritty
# magazine 2013-14


**credits**

chief editor
dr. mj mathew

staff editor
dr. reji paikkattu

student editor
nipun chandran

typesetting & printing
midas offset press
kuthuparamba



## STATEMENT OF OWNERSHIP & OTHER PARTICULARS OF
M.G. COLLEGE, IRITTY
Form IV (See Rule 8)

| | |
|---|---|
| Place of Publication | M.G. College Iritty |
| Periodical Publication | Annual |
| Printers Name | Dr. M.J. Mathew |
| Publishers Name | Dr. M.J. Mathew |
| Nationality | Indian |
| Address | Principal, M.G. College, Iritty |
| Editors Name | Nipun Chandran |
| Name and Address of the Individuals own the Magazine | M.G. College, Iritty |


I Dr. M.J. Mathew declare that the particulars given above are true to the best of my knowledge and belief.

Sd/-
**Principal, M.G. College**

Freedom is not worth having,
if it does not include the freedom
to make mistakes




Our Manager




**Sri. K.P. Noorudheen**

Our Principal



**Dr. M.J. Mathew**


## EDITORIAL BOARD




Dr. M.J. Mathew
Chief Editor



Dr. Reji Paikkattu
Staff Editor



Nipun Chandran
Student Editor



Pramod Vellachal
English




Sheeja N.
Malayalam



Dr. Meera
Hindi



Nithin Mathew



Megha T.



Sayooj M.S.

# ഒരു കോളേജ് മാഗസിന്റെ പിറവിയും പ്രസക്തിയും




ഏതുകാലത്തും ഏത് സമൂഹത്തിലും ഏറ്റവും ചലനാത്മകമായ സംവേ
ദനശേഷിയും, ഗുണപരമായ മാറ്റങ്ങളോട് ക്രിയാത്മകമായി പ്രതികരി
ക്കുന്നതിനുള്ള ഉള്ളുറപ്പും കാണിക്കുന്നത്, കാണിക്കേണ്ടത് അതാത്
സ്ഥലകാലങ്ങളിൽ ആർജ്ജവത്തോടെ ജീവിക്കുന്ന യുവതലമുറയായിരിക്കും.
അത്തരമൊരു തലമുറയുടെ ആശയങ്ങളുടെയും, പാഠ്യവിഷയങ്ങളുടെയും ലോക
ത്തോടു സംവദിക്കാനായുള്ള ഉന്നതവിദ്യാഭ്യാസ പരിസരത്തുനിന്ന് ഉരുവംകൊ
ള്ളുന്ന ഒരു കോളേജ് മാഗസിൻ പ്രസക്തമാവുന്നത് പുതിയ തലമുറ ചുറ്റുപാടു
മുള്ള ലോകത്തോട് എന്തു പറയുന്നു, ഏതൊരു പ്രതീക്ഷയിലും വിശ്വാസസ്ഥൈ
ര്യത്താലും പ്രചോദനവും ഊർജ്ജവും ഉൾക്കൊണ്ട് ശരിയായ കാഴ്ചപ്പാടു
കൾക്കും ചിന്തകൾക്കും അക്ഷരസാക്ഷ്യം നിർവ്വഹിക്കുന്നു എന്നതിന്റെ നിദർശന
മാവുമ്പോഴാണ്.

അങ്ങിനെനോക്കുമ്പോൾ ഇരിട്ടി മഹാത്മാഗാന്ധി കോളേജിലെ
വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ മാത്രം സൃഷ്ടിയായ ഈ മാഗസിൻ അവർ
ജീവിക്കുന്ന ലോകത്തിന്റെ പ്രിഫലനവും, അവർ കാണാനാഗ്രഹിക്കുന്ന മാറ്റങ്ങ
ളുടെ സൂചനകൾ മുന്നോട്ടുവെക്കുന്നതുമായ ഒരു പ്രധാനപ്പെട്ട അടയാളമാകുന്നു.
വളരെയേറെ സമയവും ഊർജ്ജവും ഫേസ്ബുക്കിലും വേൾഡ്കപ്പ് വിശേഷണ
ങ്ങളിലും ആഗിരണം ചെയ്യപ്പെട്ടുപോവുന്നതിനാൽ ഇതിലുമധികം വൈവിധ്യവും
ഉൾക്കാഴ്ചയും ഇന്നത്തെ കാലത്ത് പ്രതീക്ഷിക്കാനാവാത്തതാണ്. കൂടാതെ കുട്ടി
കൾ ജീവിക്കുന്ന വസ്തുനിഷ്ഠ സാഹചര്യങ്ങൾ അവരെ 'സമസ്റ്ററി'ന്റെയും
തുടർച്ചയായുള്ള പരീക്ഷകളുടെയും ചുടുനിലങ്ങളിലൂടെ അലയാൻ വിധിക്കുന്നു
മുണ്ട്. മാത്രമല്ല, ചുറ്റുമുള്ള മാധ്യമങ്ങൾ പറയുന്നതിൽ സത്യമുണ്ടെങ്കിൽ പല
തരം പീഡനങ്ങളുടെ വിങ്ങൽ നിറയുന്ന സാമൂഹ്യാന്തരീക്ഷം ഗുണപരമായ
സ്പന്ദനങ്ങൾകൊണ്ട് പ്രലോഭിപ്പിക്കുന്നതുമല്ല. വ്യത്യസ്ത മാധ്യമങ്ങളിലൂടെ
ആവർത്തിച്ച് ആഘോഷിക്കപ്പെടുന്ന, ഒന്നിനുപിന്നാലെയെന്നപോലെ കേരളീ
യവും പൊതുവായുള്ളതുമായ ജീവിതത്തിലെ വ്യർത്ഥമായ കെട്ടുകാഴ്ചകൾക്കും
വ്യത്യസ്ത രൂപഭാവങ്ങളോടെ അവതാരംകൊള്ളുന്നതുമായ തട്ടിപ്പുകൾക്കും
കണ്ണും, കാതും കൊടുക്കേണ്ട ഒരു സാംസ്കാരിക പരിസരത്തിലൂടെയാണ്
ഇന്നത്തെ തലമുറ കടന്നുപോവുന്നത്. ഇന്ന് ജീവിച്ചിരിക്കുന്ന ഒരു പ്രധാനപ്പെട്ട
ചിന്തകനായ Slavoj Zizek സാമൂഹ്യജീവിതത്തിൽ സന്നിഹിതമായിരിക്കുന്ന,
അവിടെ ജീവിക്കുന്നവരുടെ മേൽ വിനാശകാരിയായ സ്വാധീനം ചെലുത്തുന്ന
'വൈകാരിക-പ്രേതസാന്നിദ്ധ്യ'ങ്ങളെ (Emotional Vampires)ക്കുറിച്ച് എഴുതിയിട്ടുണ്ട്.
പത്രങ്ങൾ മറിച്ചുനോക്കുന്ന, മാധ്യമങ്ങളിലൂടെ സഞ്ചരിക്കുന്ന കേരളീയരായ യുവ
ജനങ്ങൾക്ക് ഇവയെ എല്ലാം അങ്ങിനെതന്നെ വിലയിരുത്താൻ കഴിഞ്ഞാലും
ഇല്ലെങ്കിലും, അവയും, അവരും, അന്യരും, ചിന്തിക്കുന്ന സ്വന്തം മനസ്സും പ്രതി
സ്പന്ദനങ്ങൾക്ക് തയ്യാറായ/തയ്യാറല്ലാത്ത അയൽക്കാരനും എല്ലാം ഉൾപ്പെടുന്ന
ഒരു വസ്തുനിഷ്ഠജീവിതപരിസരത്തുനിന്ന് സമയത്തിന്റെയും മറ്റനേകം പരിമിതി
കളുടെയും മധ്യേ രൂപംകൊണ്ട കോളേജ് മാഗസിൻ അതിന്റെ പേജുകളിലൂടെ
അലസതയോടെയല്ലാതെ യാത്രചെയ്യാൻ തയ്യാറുള്ള കണ്ണുകൾക്കും മനസ്സു
കൾക്കും എന്തെങ്കിലും മൂല്യവത്തായ സൂചനകൾ നൽകാതിരിക്കില്ല.

ഉന്നതവിദ്യാഭ്യാസത്തെപ്പറ്റി പറയുന്ന ഏറ്റവും സാധാരണമായ ഒരു നിരീ
ക്ഷണം അത് ആശയങ്ങളുടെ ലോകത്തേക്കുള്ള ഒരു സാഹസികസഞ്ചാരമാണെ
ന്നുള്ളതാണ്; അതാണ് സത്യവും. എന്നാൽ ക്രമേണ ഉയർന്നുവന്നുകൊണ്ടിരി
ക്കുന്ന ഒരു സാംസ്കാരികപരിസരം അപ്പോഴും ശരിയായതും മൂല്യവത്തായതു
മായ ആശയങ്ങളോട് മുഖംതിരിക്കുന്നതോ അവയെ നിരോധനത്തിലൂടെ നേരിടു
ന്നതോ ആയ ഒന്നാണെന്ന് ചിന്തിക്കുന്ന, പൊതുസാഹചര്യത്തെ നിരീക്ഷിക്കുന്ന
എല്ലാവർക്കുമറിയാം. ഇത്തരം ഒരു അവസ്ഥയോടുള്ള വിരുദ്ധോക്തിയുടെയും
നിർമമതയുടെയും നിറംകൂടി കലരുന്ന അക്ഷരരൂപമാണ് നിങ്ങളുടെ സമീപ
ത്തുള്ള കോളേജ് മാഗസിൻ 2014- Censored.

**റെജി പായിക്കാട്ട്**
സ്റ്റാഫ് എഡിറ്റർ


## എഡിറ്റോറിയൽ






അക്ഷരങ്ങളെയും ആശയങ്ങളെയും ഭയപ്പെടുകയും പുസ്തകങ്ങളെ പൾപ്പാക്കി അവസാനിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന അധികാരരൂപങ്ങൾ ഉള്ള ഒരു നിശബ്ദ അടിയന്തിരാവസ്ഥക്കാലമാണ് ഇത്. ഭിന്നസ്വരങ്ങളെ അമർച്ചചെയ്യാൻ നിയമങ്ങളെ ഉപയോഗിക്കുന്ന സങ്കുചിത താല്പര്യക്കാർ മുന്നോട്ടുവെക്കുന്നത് ഒരുതരത്തിൽ പറഞ്ഞാൽ സാംസ്കാരിക ഫാസിസം ആണ്. ആശയത്തെ ആശയം കൊണ്ട് നേരിടാൻ ധൈര്യമില്ലാത്തവരാണ് വിമർശനങ്ങളെ ഭയപ്പെടുന്നത്. ഇന്ത്യയെപ്പോലൊരു ജനാധിപത്യരാജ്യത്ത് ആളുകൾ എന്തെഴുതണം, എന്ത് വായിക്കണം, എന്ത് വരയ്ക്കണം എന്ത് വസ്ത്രം ധരിക്കണം എന്നൊക്കെ തീരുമാനിക്കാൻ ഉള്ള അധികാരം ഭരണകൂടങ്ങൾക്കല്ല എന്നത് വിസ്മരിക്കപ്പെടുന്നു. ചിന്താപരമായി സ്വയം പരിമിതപ്പെട്ട് മതിലുകൾക്കുള്ളിലായവർ പുതിയ ആശയങ്ങളെയും സർഗാത്മകമായ ഇടപെടലുകളെയും ശക്തമായി പ്രതിരോധിക്കുന്നതായി കാണാം. ചിന്തയുടെ പുതിയ ആകാശങ്ങൾ തങ്ങൾക്കുമുന്നിൽ തുറന്നുവെക്കപ്പെട്ടാൽ അതുവരെ ശീലിച്ച് സ്വീകരിച്ച തടവറകളിൽ നിന്ന് പുറത്തുപോകേണ്ടി വരുമോ എന്ന ഭയം ആണ് ഇതിന് കാരണം. ഇത്തരം നിരോധനങ്ങൾക്ക് എതിരെ സർഗാത്മകമായ ഒച്ചപ്പാടുകൾ ഉയർന്നുവരേണ്ടതുണ്ട്. നിരോധനങ്ങളോട് സമരസപ്പെടാതെ സ്വന്തം ആശയങ്ങൾ ലോകത്തോട് വിളിച്ചുപറയുമ്പോഴാണ് ഒരു കലാകാരന്റെ ധർമ്മം പൂർണ്ണമാവുന്നത്. ഇത്തരം വിളിച്ചുപറയലുകളുടെ ആവശ്യകതയാണ് Censored-14നെ പ്രസക്തമാക്കുന്നത്. സർഗാത്മകത മതിലുകളെ മറികടന്ന് സ്വാതന്ത്ര്യത്തിന്റെ ആകാശത്തിലൂടെ സഞ്ചരിക്കുന്ന ഒരു കാലവും സംസ്കാരവും സ്വപ്നം കണ്ടുകൊണ്ട് നിരോധിക്കപ്പെട്ടേക്കാവുന്ന ഈ മാഗസിന്റെ താളുകളിലേക്ക് നിന്നെ ക്ഷണിക്കുന്നു.

**നിപുൺ ചന്ദ്രൻ**
**എഡിറ്റർ**



കാര്യവട്ടം ക്യാമ്പസ്സിൽ ലൈബ്രറി രാത്രിയും ലഭ്യമാക്കാൻ വേണ്ടി രാപ്പകൽ വായനാസമരം നടത്തിയതും, കോഴിക്കോട് മലാപ്പറമ്പ് സ്ക്കൂൾ ഇരുട്ടി വെളുക്കുമ്പോഴേയ്ക്കും നിലംപതിപ്പിച്ച മാനേജ്മെന്റിന്റെ സാമൂഹ്യദ്രോഹത്തിനെതിരെ അത് പുനർനിർമ്മിക്കാൻ തീരുമാനം എടുത്തതും, പാലക്കാട്ടെ മീനാക്ഷിപുരത്ത് ബാലവേലയിൽ നിന്ന് കുട്ടികളെ മോചിപ്പിച്ച് അവരുടെ വിദ്യാഭ്യാസം ഏറ്റെടുത്തതും, എല്ലാം വിദ്യാർത്ഥികളാണ്.

**സമരസപ്പെടലല്ല, സമരങ്ങൾ തന്നെയാണ് മാർഗ്ഗം**

**വ്യവസ്ഥകളല്ല, വിപ്ലവങ്ങളാണ് ഭാവി**



നിങ്ങളുടെ ജലദോഷം ചികിത്സിച്ചു മാറാത്തതിന്
എന്തിനാണ് നിങ്ങളെന്റെ മൂക്ക് മുറിച്ചെടുക്കുന്നത്...?
നിങ്ങളുടെ കണ്ണുകൾക്ക് തിമിരം ബാധിച്ചതിന്
എന്തിനാണ് നിങ്ങളെന്റെ കൺപീലികൾ തുന്നിച്ചേർക്കുന്നത്....?

-എവിടെയോ വായിച്ചത്



"But I don't **shut up** and I don't **die**
I live and **fight**, maddening
those who rule my country
For if I live,
I fight,
and if I fight,
I contribute to the **dawn**"
Otto Rene Castillo

# DØN'TS!



17
48



81
113



49
80

The worst
part of
Censorship is
[redacted]

parampuzhayil
jewellers

അരനൂറ്റാണ്ടിലേക്ക് കടന്ന വ്യാപാര വിശ്വസ്തത

Iritty : 0490 2490260, 0490 2491260 Sreekandapuram : 0460 2231260, 9809666916
Website : www.parampuzhayil.com Email: info@parampuzhayil.com

MATTANUR AGRICULTURIST WELFARE
CO-OP. SOCIETY Ltd.

**MAWCOS**

**No.C.1765, MATTANUR Ph: 0490 2474550**

N. Sathyanandan (President) C.K. Shona (Secretary)

Best Compliments from

SBT
A Long Tradition of Trust

**STATE BANK OF TRAVANCORE**

(A long tradition of trust)

**IRITTY BRANCH**

We offers:

**SAVING BANK DEPOSIT**

with free ATM Card, Mobile Banking, Internet Banking

**TWINCLE THRIFT DEPOSIT**

An attractive Deposit Scheme for Children
upto the age of 18 years with cumulative yield of 14.5% Interest




എഡിറ്റോറിയൽ ബോർഡ്

# പെൻഗ്വിൻ പുസ്തകങ്ങൾ
## (സ്ഥാവരവും ജംഗമവും)*

(പ്രശസ്ത ഇൻഡോളജിസ്റ്റും ചിക്കാഗോ യൂണിവേഴ്സിറ്റിയിലെ പ്രൊഫസറുമായ Wendy Doniger എഴുതി 'പെൻഗ്വിൻ ബുക്സ്' പ്രസിദ്ധീകരിച്ച The Hindus: An Alternative History എന്ന പുസ്തകം എല്ലാ അർത്ഥത്തിലും നിരോധിക്കപ്പെട്ടിരിക്കുകയാണ് ഇപ്പോൾ)

പെൻഗ്വിൻ പക്ഷി എന്നുണ്ടായി എന്ന് ഡാർവിനോടോ ദൈവത്തോടോ ചോദിച്ചാൽ ഉത്തരം കിട്ടിയേക്കും. എന്നാൽ അലൻ ലെയ്നും വി.കെ. കൃഷ്ണ മേനോനും കൂടി വളർത്തിക്കൊണ്ടുവന്ന 'പെൻഗ്വിൻ' ഇരുപതാം നൂറ്റാണ്ടിൽ ജനിച്ച ശാന്തസ്വഭാവമുള്ള ഒരു പക്ഷി/കക്ഷിയാണ്. അതായത് ഒരു മിതവാദി - പുസ്തകങ്ങൾ കഴിയുമെങ്കിൽ പേപ്പർ ബാക്ക് രീതിയിൽ മാത്രം തയ്യാറാക്കുകയാണ് ചെയ്യുന്നത്. കഴിയുന്നത്രയാൾക്കാർ വാങ്ങിക്കോട്ടെ എന്നാണ് ആഗ്രഹം. അങ്ങിനെ കാലം ചെന്നപ്പോൾ അവതാരോദ്ദേശം ഏതാണ്ട് നന്നായിത്തന്നെ തെളിഞ്ഞുവരാൻ തുടങ്ങി. കൂട്ടുകാർ പലരുണ്ടായി. 'പെലിക്കനും 'പഫിനും പിന്നെ ഇടക്ക് അല്പം അഹങ്കാരം ഉണ്ടാവുമ്പോൾ സ്വയം ഒരു 'വൈകിംഗ്'ആണെന്നു തോന്നും. ഒന്നായ നിന്നെയിഹ.

അങ്ങിനെയിരിക്കെ മൂന്ന് നാല് വർഷം മുൻപ് വെസ്റ്റിൽ നിന്ന് ഒരു Wendy Doniger വരുന്നു. കൂടെ ഒരു വലിയ പുസ്തകവുമുണ്ട്. 'ആർഷ ഭാരത സംസ്കാരം ഒരു വിശദമായ വായന' ഇംഗ്ലീഷിൽ മുഷിയില്ലാ എന്നാണ് അവരുടെ വിചാരം.





പെൻഗ്വിൻ പക്ഷിക്ക് ഉത്സാഹമായി. എന്തായാലും തന്റെ 'ഗോഡ് ഫാദർ' ജനിച്ച നാടിനെപ്പറ്റിയല്ലെ, അത് അച്ചടിക്കണം. കുറെപ്പേർ വായിക്കും.

'അടിവേരു മുതൽ പഠിച്ചെഴുതിയിട്ടുണ്ടെന്നായി കൈയെഴുത്തു പ്രതിയുമായി വന്നയാൾ. 'താമസിക്കില്ല, അച്ചടി ഉടൻ തുടങ്ങും എന്നായി മറുപടി.

തുടങ്ങി, പുസ്തകം പുറത്തിറങ്ങി.

നാടകം രണ്ടാം രംഗത്തിൽ നിന്നുകൊണ്ടും ഇരുന്നുകൊണ്ടും പ്രവേശിക്കുന്ന ചിലരെ വെള്ളിവെളിച്ചത്തിൽത്തന്നെ കാണാം. ഇവർ വിദ്യാഭ്യാസത്തെ സംരക്ഷിക്കാൻ ഇറങ്ങിത്തിരിച്ചിരിക്കുന്ന സമിതിക്കാരാണ്. പുസ്തകം അ




ധികം വായിക്കാതെയുള്ള അഭ്യാസത്തിലാണ് കൂടുതൽ വൈദഗ്ദ്യം. ചതുരുപായങ്ങൾ നന്നായി വശത്താക്കിയിട്ടുണ്ട്. എന്തിനും ലളിതമായ ഒറ്റമൂലികൾ അറിയാം. ആരും അധികം വായിക്കേണ്ട; പുസ്തകം നിരോധിക്കുന്നതാണ് ഇവിടത്തെ പരിഹാരം. 'ന്യായദർശന'ത്തിന്റെ മൊത്ത വ്യാപാരവും ചില്ലറ വ്യാപാരവും നടത്തുന്നവർ ഉടൻ തീരുമാനിക്കണം; കാരണം ആ പുസ്തകം കാണുമ്പോൾ ഞങ്ങളുടെ വികാരം 'വ്രണപ്പെടുന്നുണ്ട്; ഇനിയും കണ്ടാൽ ഞങ്ങൾ അക്രമത്തിൽ 'ആസക്തി'യുള്ളവരായി മാറും; സംശയമില്ല, മൂന്നുതരം. 'സമിതി'ക്കാരുടെ നിലപാട് ഉറച്ചതാണ്.

അപ്പോൾ 'പെൻഗ്വിൻ എന്ത് ചെയ്യണം? 'സമിതിക്കാർക്ക് വ്യക്തമായ കാഴ്ചപ്പാടുകളുണ്ട്. പുസ്തകവുമായി തീർച്ചയായും നടക്കരുത്. നിരുപദ്രവികളായ മറ്റ് പുസ്തകങ്ങൾ നിർമ്മിക്കട്ടെ, വിൽക്കട്ടെ. വിഷയങ്ങൾക്ക് ദാരിദ്രമില്ല. Socialite Days, Starry Nights, Freedom At Midnight, New Delhi After Midnight ...

ഇവിടെയെന്താണ് പ്രശ്നമെന്ന് പെൻഗ്വിൻ പക്ഷിക്ക് കൃത്യമായി മനസിലായില്ല. പുസ്തകം വായിക്കുന്നത് എങ്ങിനെയാണ് ഇപ്പോൾ അപകടമാവുന്നത്?

'സമിതിക്കാരുടെ കൺട്രോൾ പോവാൻ തുടങ്ങി. വായിച്ചാൽ വിവരം ഉണ്ടായിപ്പോവുന്ന പുസ്തകം അപകടമാണ്. ഈയം ഉരുക്കിയാൽ ചെവിയിലുമൊഴിക്കാം; വെടിയുണ്ടയുമുണ്ടാക്കാം. തൽക്കാലം നീതിയുടെ ആൾക്കാർ ന്യായമായി തീരുമാനമെടുക്കണം. പുസ്തകവുമായി നടക്കാമെന്ന് വിചാരിക്കേണ്ട; പിടിവാശിയാണെങ്കിൽ അന്റാർട്ടിക്കയിലേക്ക് നാടുകടത്തും; ജനവാസമില്ല അവിടെ, ചെറിയ കരയാണ്; ഇവിടെ വൻകരയിൽ അധികം നിൽക്കണമെന്നില്ല, 'മേരാ ഭാരത് മഹാൻ!

മറ്റ് വഴിയില്ലേ' എന്നായി പെൻഗ്വിൻ പക്ഷി.

ഒട്ടുമില്ല; പുസ്തകം പിൻവലിക്കുക; മാപ്പ് പറയുക (രഹസ്യമായിട്ടായാലും മതി), എന്തെങ്കിലും കാഴ്ചയായി തന്നാൽ വേണമെങ്കിൽ അനുഗ്രഹിക്കാം നമുക്ക് സഹിഷ്ണുതയുണ്ട്; പരോപകാരം ചെയ്യുക എന്നതാണ് മുദ്രാവാക്യം തന്നെ.'

ഒരു പുസ്തകമല്ലെ; വളരെ അധികം പേർ വായിക്കില്ല; വായിച്ചാലും അങ്ങിനെമനസ്സിലാവില്ല; മനസ്സിലായായും പ്രത്യേകിച്ച് കാര്യമൊന്നുമില്ല എന്നൊക്കെയായി പെൻഗ്വിൻ പക്ഷി.

സമിതിക്കാർ ഉവാച:

ഇങ്ങിനെതറുതല പറയുന്നത് നാം സഹിക്കില്ല; ഇപ്പോൾത്തന്നെ വേണ്ടതിലധികമായി; പറഞ്ഞത് കേട്ടാൽ മതി; പുസ്തകം പിൻവലിക്കണം; തുടർന്ന് എന്ത് ചെയ്യണമെന്ന ഒരു ചാർത്ത് അങ്ങോട്ട് തരുന്നുണ്ട്.'

അവസാനമായി ഒന്നുകൂടി പറഞ്ഞ് നോക്കാമെന്ന് പെൻഗ്വിൻ കരുതി. 'ശ്രുതി'തന്നെ പ്രമാണം എന്നാവുമ്പോൾ സമിതിക്കാർ 'വേദത്തെ മറികടക്കുമോ എന്നായിരുന്നു അതിന്റെ യുക്തി.


ലോകത്തിന്റെ എല്ലായിടങ്ങളിൽ നിന്നുമുള്ള ചിന്തകൾ കടന്നുവരാനായി പ്രാർത്ഥിക്കുന്നത് വേദത്തിൽത്തന്നെയുള്ളത് ഓർക്കണം എന്നായി പെൻഗ്വിൻ. 'ശ്രുതിയായാലും ഈ വിദ്വാന് വേദം തന്നെയാവും അടിസ്ഥാനവും, അങ്ങിനെചിന്താസ്വാതന്ത്ര്യവും 'പ്രീസിഡന്റായി വരുമെന്നായിരുന്നു 'ആംഗ്ലോസാക്സൻ യുക്തിയുടെ പ്രയോഗം.

സമിതിക്കാർ വേദം കേട്ടപ്പോൾ വേണ്ട രീതിയിൽത്തന്നെ അതിനോട് പ്രതികരിച്ചു. പഴഞ്ചൊല്ലിൽ പതിരില്ല എന്ന് തെളിഞ്ഞു.

പറഞ്ഞിട്ടുണ്ടാവും, കാരണവർക്ക് എന്തും പറയാം. പക്ഷെ, ഇപ്പോൾ ധർമ്മം രക്ഷിക്കാൻ ചില 'ചില്ലറയും പിന്നെ 'കുറുവടി'യുമല്ലാതെ ഒന്നും കാണുന്നില്ല. ഹൊവിറ്റ്സർ തോക്ക് വാങ്ങണമെങ്കിൽ ലോകബാങ്കിൽ നിന്ന് കടമെടുക്കണമെന്ന അവസ്ഥയാണ്. അതിനാലാണ് ന്യായദർശനം പ്രയോഗിക്കാൻ തീരുമാനിച്ചത്.

നോക്കുമ്പോൾ ഇത്രയും സമയം സംസാരിക്കാൻ തന്നതു തന്നെ അധികമാണ് എന്നറിയില്ലേ? വരം തരാൻ നമ്മൾ ever ready യാണ്. എന്തുവേണം, പുസ്തകമോ അതോ നാടുകടത്തലോ?'

പെൻഗ്വിൻ പക്ഷി ആലോചിച്ചു. ഇനിയിപ്പോൾ അന്റാർട്ടിക്കയിലേക്ക് ടിക്കറ്റ് കിട്ടാൻ ബുദ്ധിമുട്ടാണ്. പുസ്തകത്തെ പൊടിപൊടിയാക്കിയാൽ ശാരീരികാരോഗ്യത്തിന് വലിയ കുഴപ്പമില്ലാതെ പിടിച്ചുനിൽക്കാനുള്ള വകുപ്പുണ്ട്. അതിന് താൻ തയ്യാറാണെന്ന് വേഗം അറിയിച്ചില്ലെങ്കിൽ കുറുവടിത്തല്ല്, തുടർന്നുള്ള 'കായകല്പചികിത്സ' എന്നിവയ്ക്കുള്ള സമ




യവും പണവും കണ്ടെത്തേണ്ടിവരും. പക്ഷി പറഞ്ഞു. 'ഇപ്പോഴാണ് എനിക്ക് ബോധം വന്നത്. ഇംഗ്ലീഷ് പുസ്തകമായതിനാൽ അതിനെ pulverise ചെയ്യാൻ തീരുമാനിച്ചു. നല്ല കാര്യങ്ങൾ ഒട്ടും താമസിപ്പിച്ചുകൂടാ; ശുഭസ്യ ശീഘ്രം എന്നല്ലെ'.

ചതുരുപായങ്ങളിൽ കടുത്ത വിധികളിലേക്ക് പോവേണ്ടി വരാത്തതിന്റെ സന്തോഷമോ ഖേദമോ മറുപടിയായി വന്നു: 'നന്നായി, വൈകിയാണെങ്കിലും വിവേകം 'ഉദിച്ചു' എന്നു പറയാം. ദക്ഷിണ വെച്ചിട്ട് സ്ഥലം കാലിയാക്കാൻ നോക്ക്,. അനുഗ്രഹം 'എസ്.എം.എസ്/ ഇ മെയിൽ' എന്നിങ്ങനെഏത് രീതിയിൽ വേണമെങ്കിലും തരാം. ദ്രവ്യമായി പ്രസാദം വേണമെങ്കിൽ 'വി.പി.പി മേനോൻ' വഴി എത്തിച്ചു തരും. ഇവിടെ വന്നിട്ട് വെറും കൈയോടെ പോയി എന്ന് വേണ്ട. നമുക്കത് നിർബന്ധമാണ്. ആർഷ ഭാരത പാരമ്പര്യത്തെക്കുറിച്ച് നാം ഉപന്യസിക്കാൻ തയ്യാറാണ്.

പെൻഗ്വിൻ പക്ഷിയുടെ കണ്ണ് നിറഞ്ഞു. സന്തോഷം കൊണ്ട്തന്നെ. പെട്ടെന്ന് മറുപടി പറഞ്ഞില്ലെങ്കിൽ താൻ ഉപന്യാസത്തിന് വിധേയനാവും എന്ന് ന്യായമായും സംശയിച്ചു. സരസ്വതി ദേവി തത്സമയം കടാക്ഷിച്ചു: 'അനുഗ്രഹം മാത്രം മതി; ഉപന്യാസം ഇപ്പോൾ സാഹസമായേക്കും എന്ന് ഒരു ശങ്ക. 'കായകല്പ ചികിത്സ' ഒഴിവായിക്കിട്ടിയതിന്റെ സന്തോഷം എങ്ങിനെപ്രകടിപ്പിക്കണമെന്നറിയില്ല. ഇപ്പോൾ 'സന്തോഷം കൊണ്ടെനിക്കിരിക്കാൻ വയ്യേ' എന്ന അവസ്ഥയിലാണ്.'

'താങ്കൾക്ക് എന്താണ് സംഭവിച്ചതെന്ന് താങ്കൾക്കറിഞ്ഞുകൂടാ, ധാരാളം കാര്യങ്ങൾ സംരക്ഷിക്കാനവതരിച്ച 'സമിതി'ക്കാർ പറഞ്ഞു. യഥാർത്ഥത്തിൽ താങ്കൾക്ക് ഇപ്പോൾ ബോധോദയം' ഉണ്ടായി എന്നാണ് മനസിലാക്കേണ്ടത്. വെൻഡി ഡോണിഗർക്ക് ഇത് മനസിലാവും. പ്രബോധചന്ദ്രോദയം' വേറെയുണ്ട്. വായിച്ചാലധികംപേർക്ക് മനസിലാവാത്ത രീതിയിൽ അത് വിവർത്തനം ചെയ്ത് അച്ചടിച്ച് വില്പനയാവാം. നാം അനുവാദം തന്നിരിക്കുന്നു.'

കൂടുതൽ 'അനുവാദങ്ങളും അനുഗ്രഹങ്ങളും' ഏറ്റുവാങ്ങാൻ പെൻഗ്വിൻ പക്ഷിയുടെ ജീവിതം ബാക്കി എന്നതാണ് നാടകത്തിന്റെ ഭരതവാക്യം/epilogue.

* ന്യൂഡൽഹി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ശിക്ഷാ ബചാവോ ആന്ദോളൻ സമിതി (SBAS) (Save Education Campaign Committee) എന്ന സംഘടനയുടെ ഇടപെടലിനെത്തുടർന്നാണ് ഇങ്ങനെസംഭവിച്ചിരിക്കുന്നത്.

**ചതുരുപായങ്ങളിൽ കടുത്ത വിധികളിലേക്ക് പോവേണ്ടി വരാത്തതിന്റെ സന്തോഷമോ ഖേദമോ മറുപടിയായി വന്നു: 'നന്നായി, വൈകിയാണെങ്കിലും വിവേകം 'ഉദിച്ചു' എന്നു പറയാം. ദക്ഷിണ വെച്ചിട്ട് സ്ഥലം കാലിയാക്കാൻ നോക്ക്,. അനുഗ്രഹം 'എസ്.എം.എസ്/ ഇ മെയിൽ' എന്നിങ്ങനെഏത് രീതിയിൽ വേണമെകിലും തരാം. ദ്രവ്യമായി പ്രസാദം വേണമെങ്കിൽ 'വി.പി.പി മേനോൻ' വഴി എത്തിച്ചു തരും. ഇവിടെ വന്നിട്ട് വെറും കൈയോടെ പോയി എന്ന് വേണ്ട. നമുക്കത് നിർബന്ധമാണ്. ആർഷ ഭാരത പാരമ്പര്യത്തെക്കുറിച്ച് നാം ഉപന്യസിക്കാൻ തയ്യാറാണ്.**

# The only IIM selection from Kannur University

*in the first attempt this year*



**CHYTHRA T.C.**
*B.Sc Maths*
Govt. Brennen College, Thalassery

*Selected to*

**IIM RAIPUR**

## Exclusive Coaching for

**CAT '14**
**CAT '15**


**MAT/CMAT**
**BANK PO/CLERICAL**
(IBPS-RRB & SBI)

**T.I.M.E.**
Triumphant Institute of Management Education Pvt. Ltd.
www.time4education.com

**KANNUR**
2nd & 3rd Floor, Pearl Building
Near Makkani, South Bazar
Ph : 0497- 2762155, 2701040

"Nationally reputed institute with 236 Centres across India"

ബലപ്രയോഗമില്ലാതെ ഭരണകൂടത്തിന് വിധേയമായി സ്വയം സെൻസർ ചെയ്യുന്ന
കുത്തക മാധ്യമങ്ങൾ നുണകൾക്കുമേൽ നുണകൾ പറഞ്ഞുകൊണ്ട് നാം സ്വതന്ത്രരാണെന്ന്
നമ്മെ തെറ്റിദ്ധരിപ്പിക്കുന്നു. അവർ വായിച്ചുകൂടെന്ന് പറയുന്നത് വായിക്കുമ്പോഴാണ്
വിസ്മൃതിയിലേക്ക് തള്ളിവിടപ്പെടുന്ന നമുക്ക് ഓർമകൾ ഉണ്ടാവുന്നത്... ഓർമകൾ ഉണ്ടാവണം



# വായിച്ചൂടാത്തത്

*The Paper burns, but the words fly away*
*-Akiba Ben Joseph*

ശ്രീലാൽ കെ.
ഒന്നാം വർഷ എം.കോം.

# നാളെയുടെ നിറം





പ്രണയം ചുവപ്പ്, കാലം ചുവപ്പ്
പൊരുതുന്ന വിപ്ലവക്കൊടിയും ചുവപ്പ്....
വാനിലേക്കുയരുന്ന മുഷ്ടിക്കു കീഴിലായ്
അഭയം നുകരുന്ന ഹൃദയം ചുവപ്പ്...
ഹൃദയം തകരുന്ന വേദന തിന്നവർ
ഉരുകുന്ന തീരത്തിനരികത്ത് ചെന്നവർ....
ചെങ്കൊടിക്കീഴിലായ് അണിനിരന്നോരവർ
അഷ്ടി ക്ക് വേണ്ടി മുഷ്ടിചുരുട്ടിയോർ...
പുതിയൊരു പുലരിയെ കാത്തുനിന്നോരിവർ
ചെംചോര നിറമുള്ള താരകം കണ്ടവർ...
അവനവൻ വിത്തിട്ട സ്വപ്നപാടങ്ങളിൽ
അധികാര കിങ്കര താണ്ഡവം കണ്ടവർ
വാനം ചുവപ്പ്, ഭൂമി ചുവപ്പ്
അടിയാന്റെ കുടിലിന്റെ ചുമരും ചുവപ്പ്.
അവസാനവെട്ടവും ദൂരെ കണ്ടവർ
അറിയുന്ന നാളെയുടെ നിറവും ചുവപ്പെന്ന്...
ശിരസ്സുപിളർക്കട്ടെ ചോരയതു ചീന്തട്ടെ
നാടെങ്ങും പുഞ്ചിരി പാത്രം നിറക്കുവാൻ
അവസാനതുള്ളി രക്തവും വാർന്നോട്ടെ
നാളെയെന്നുള്ളൊരു സ്വപ്നം ചുവപ്പെന്ന്
കണ്ടവർ കേട്ടവർ പാടുന്നു കൂട്ടരെ...

നിധിയ സുജിത്ത്
ഒന്നാം വർഷ ബി.കോം.

# കനൽച്ചിറകുകൾ






ഓടുകയായിരുന്നു.
കൂരിരുട്ടിലും നിർത്താതെ.
കാലുകൾ തളർന്നപ്പോഴും
നെഞ്ചോടുചേർത്തു പിടിച്ചിരുന്നു
കരുത്തേകിയ ഒരുപിടി അക്ഷരങ്ങൾ
അവ കനലായി പറന്നുവീണത്
തണുത്തുറഞ്ഞുകിടന്ന മനസ്സിലേക്കായിരുന്നു.

പഴകി കീറിയ കടലാസുതുണ്ടിൽ നിന്നും
മാഞ്ഞുതുടങ്ങിയ അക്ഷരങ്ങൾ പറിച്ചെടുക്കുമ്പോഴും
ഉറപ്പുണ്ടായിരുന്നില്ല.
പക്ഷേ ഇന്നെനിക്കറിയാം.
ഊതിക്കാച്ചിയെടുത്ത ചുവന്നുതിളങ്ങുന്ന
ഈ അക്ഷരങ്ങൾ.
കാലത്തിനോ
കറുത്തിരുണ്ട കാഴ്ചപ്പാടുകൾക്കോ
കാറ്റിനോ
കാലവർഷത്തിനോ പോലും മായ്ച്ചുകളയാനാവാതെ
മണ്ണിന്റെ മണമറിഞ്ഞവന്റെ
വിയർപ്പിന്റെ വിലയറിഞ്ഞവന്റെ
കാരിരുമ്പിന്റെ കരുത്തുള്ളവന്റെ
പെറ്റമ്മവിളമ്പിയ കണ്ണീരുപ്പുനുണഞ്ഞവന്റെ
തുടിക്കുന്ന നെഞ്ചിൽ
അഗ്നിജ്വാലകളായി പടർന്നിറങ്ങും.

പരിഹസിച്ചു ചിരിക്കണ്ട,
എ.സി. മുറിയിലിരുന്നു മരവിച്ച
നിങ്ങളുടെ കൈകൾക്കും കണ്ണുകൾക്കും
ആ ചൂടുതാങ്ങാനുള്ള ശേഷിയുണ്ടാവില്ല.
തളർന്നുപോകും നിങ്ങളും നിങ്ങളുടെ
ദുഷിച്ച ആദർശങ്ങളും.

മേഖ ടി.
ഒന്നാം വർഷ ഫിസിക്സ്

# ആടുജീവിതം; ആസ്വാദനത്തിന്റെ മരുപ്പച്ച



ആസ്വാദകസമൂഹം ചർച്ചകൾ നടത്തി ചൂടൊന്ന് ആറിയപ്പോഴാണ് ഞാൻ ഈ കൃതി വായിച്ചത്. കൃതി അനുഭവിച്ചു എന്ന് പറയുന്നതായിരിക്കും കുറച്ചുകൂടി അനുയോജ്യം. 'ആടുജീവിതം' വായിച്ച ഏതൊരാൾക്കും അത് അങ്ങനെതന്നെ ആയിരിക്കും എന്നാണെന്റെ വിശ്വാസവും.

ഒരു വായനക്കാരി എന്ന നിലയിൽ വായിച്ചിട്ടുള്ള ചുരുക്കം പുസ്തകങ്ങളിൽ വളരെ ചുരുക്കം ചിലതേ എന്റെ ഹൃദയത്തെ സ്പർശിച്ചു എന്നെനിക്ക് പറയാനാവൂ. തീർച്ചയായും അതിലൊന്ന് 'ആടുജീവിതം' ആണ്. "നാം അനുഭവിക്കാത്ത ജീവിതങ്ങളെല്ലാം നമുക്ക് വെറും കെട്ടുകഥകൾ മാത്രമാണ്" എന്ന കവർപേജിലെ വാചകം തന്നെ ചിന്തയുടെ തീപ്പൊരി മനസ്സിൽ കോരിയിട്ടുകൊണ്ടാണ് കടന്നുപോയത്.

'ഗൾഫ്' എന്നുകേൾക്കുമ്പോൾ നമ്മുടെ ചിലരുടെയെങ്കിലും മനസ്സിൽ ആദ്യം എത്തുന്നത് കുറേ ചോക്ലേറ്റ്സും, പെർഫ്യൂം സുഗന്ധങ്ങളുമായിരിക്കും. എന്നാൽ അതിനുമപ്പുറത്തെ ഒരു ഗൾഫ് ജീവിതത്തിന്റെ കാണാപ്പുറങ്ങളെ വരച്ചുകാട്ടുകയാണ് കഥാകാരൻ. ഇതിനെനമുക്ക് വേദനകളുടെയും, ഭീതിപ്പെടുത്തുന്ന നേരുകളുടെയും മണൽപ്പരപ്പിൽ നിന്നും അനുഭവങ്ങളുടെ തീക്ഷ്ണതയിൽ രൂപം കൊണ്ട ഒരു കൃതി എന്ന് വിശേഷിപ്പിക്കാം.

നാട്ടിൽ വെള്ളത്തിൽ മുങ്ങാംകുഴിയിട്ട് ജീവിച്ചവന് ദാഹം മാറ്റാനോ ശൗച്യവൃത്തിക്കോ പോലും ഒരിറ്റുവെള്ളം എടുക്കാനാവില്ല എന്ന് ഗ്രഹിച്ചെടുക്കുന്ന കഥാപാത്രം പിന്നീട് നമ്മെ കൈപിടിച്ച് കൂട്ടിക്കൊണ്ടുപോകുന്നത് ജീവിതം മടുപ്പിക്കുന്ന അനുഭവങ്ങളിലേക്കാണ്. നാം നിസ്സാരമായി തള്ളിക്കളയുന്ന പല കാര്യങ്ങളും ചില സാഹചര്യങ്ങളിൽ നമ്മെ എങ്ങനെ അലട്ടുന്നു എന്നും, വലിയ മാനസിക പ്രശ്നങ്ങളിൽ കൊണ്ടുചെന്ന് എത്തിക്കുന്നു എന്നതിലേക്കുമാണ്. മരുഭൂമിയെ അതിന്റെ കൗതുകത്തിന്റെ അപ്പുറത്തേക്ക് തുറന്നുകാണാനും ചുട്ടുപൊള്ളുന്ന മണലാരണ്യത്തിൽ വർഷങ്ങളോളം തളയ്ക്കപ്പെടുന്നവന്റെ ദുർവിധിയെ ഓർത്ത് വിലപിക്കാനും ഇതിലെ ഓരോ വരിയും നമ്മെ നിർബന്ധിതരാക്കുന്നു.




മറ്റാരുടെയോ വിധിയിലേക്ക് പറഞ്ഞയക്കപ്പെടുകയായിരുന്ന നജീബും ഹക്കീമും വായനക്കാരനെ കഥാന്ത്യം വരെ വേദനിപ്പിക്കുന്ന ഒരു വസ്തുതയാണ്. ഗൾഫ് എയർപോർട്ടിൽ സ്വപ്നങ്ങളുടെ ചെറുഭാണ്ഡങ്ങളുമായി ഇറങ്ങിയ അവർ യഥാർത്ഥത്തിൽ അവിടെ വെച്ച് തട്ടിക്കൊണ്ടുപോകപ്പെടുകയായിരുന്നു. അവിടുന്നു മുതൽ 'അർബാബ്'ന്റെ രൂപത്തിൽ വിധി അവർക്കായി കരുതിവെച്ചത് വേദനകൾ മാത്രമായിരുന്നു. രണ്ട് വ്യത്യസ്ത മസറ (ആട്ടിൻകൂട്)കളിലേക്ക് പറഞ്ഞയക്കപ്പെടുന്ന അവർ പിന്നീട് കാലങ്ങൾക്ക് ശേഷമാണ് കണ്ടുമുട്ടുന്നത്. അതിനിടയിൽ ആടുകളുടെ ഇടയിൽ ഒറ്റപ്പെട്ട് സ്വയം ഒരാടുജീവിതം നയിച്ച്, പീഢനങ്ങൾക്കിരയായി. മരണം വരെ നിസ്സാരമായിത്തോന്നുന്ന അവസ്ഥാവിശേഷത്തിലെത്തിച്ചേരുന്ന നജീബ് വായനക്കാരുടെ ഹൃദയത്തിൽ



ഒരു വികാര വിസ്ഫോടനം തന്നെ സൃഷ്ടിക്കുന്നു. പ്രവാസത്തിലേക്ക് നയിക്കപ്പെടാൻ നിർബന്ധിതമായ എല്ലാ ബന്ധങ്ങളെയും മറന്ന് ഇന്നിന്റെ പ്രതിസന്ധികളെ എങ്ങനെഅതിജീവിക്കാം എന്ന ഒറ്റച്ചിന്തയിലേക്ക് മനുഷ്യൻ മാറിപ്പോകുന്നതും നമുക്ക് വേദനയോടെ തൊട്ടറിയാം.


വർഷങ്ങൾക്ക് ശേഷം ഒരുദൈവദൂതനെപ്പോലെ വന്ന ഇബ്രാഹിം ഖാദരി എന്ന സൊമാലിയക്കാരന്റെ സഹായത്താൽ ഇവർ രക്ഷപ്പെടാൻ ശ്രമിക്കുന്നതും വഴിതെറ്റി മരുഭൂമിയിൽ ഒരിറ്റു വെള്ളം കിട്ടാതെ ഹക്കീം പിടഞ്ഞുമരിക്കുന്നതും ഹൃദയം നുറുക്കുന്ന ദുരന്താനുഭവമാകുന്നു. പലപ്പോഴും സ്വയം അഹങ്കരിക്കുന്ന മനുഷ്യൻ ചില ഘട്ടങ്ങളിൽ എത്ര നിസ്സഹായനും എത്ര നിസ്സാരനുമായിപ്പോവുന്നു എന്ന് ഈഅനുഭവസാക്ഷ്യം നമ്മെ ഞെട്ടലോടെ ബോധ്യപ്പെടുത്തുന്നു.


ഇതിനിടയിൽ, പാതിവഴിയിൽ അപ്രത്യക്ഷനാവുന്ന ഇബ്രാഹിം ഖാദ്രിയും, കഥാനായകന്റെ പിന്നീടുള്ള പ്രാകൃതവും സ്വയം അറപ്പുതോന്നിപ്പിക്കുന്നതുമായ മനുഷ്യരൂപം കണ്ടിട്ടും തന്റെ വിലകൂടിയ വാഹനത്തിൽ അയാൾക്ക് ഒരിടംകൊടുക്കുന്ന വഴിയാത്രക്കാരനായ അറബിയും, നമ്മുടെ മുൻപിൽ ഒരാശ്ചര്യ ചിഹ്നമായി മാറുന്നു. അർബാബിൽ നിന്ന് തുടങ്ങി, കുഞ്ഞിക്കയിൽ അവസാനിക്കുന്ന ജീവിവൈരുദ്ധ്യങ്ങൾ ഈ അനുഭവകഥയുടെ പ്രത്യേകതയാണ്.

'സാഹിത്യസമൂഹം ചർച്ചചെയ്ത് ചൂടാറിയപ്പോൾ' എന്ന പ്രയോഗം ഞാൻ തിരുത്താൻ ആഗ്രഹിക്കുന്നു. കാരണം ഇത് ഒരു നജീബിലോ ഹക്കീമിലോ ഒതുങ്ങാതെ സംവത്സരങ്ങൾക്ക് മുൻപ് ആരംഭിക്കപ്പെട്ടതും ഇന്നും തുടരുന്നതും, ഇനിയും തുടരപ്പെടാനിടയുള്ളതുമായ ഒരു പ്രവാസയാഥാർത്ഥ്യമാണ്. അതുകൊണ്ടുതന്നെ 'ആടുജീവിത'ത്തിനുള്ള പ്രസക്തി ഏറെയാണ്.

'ആടുജീവിതം' വായിച്ച് അഥവാ കണ്ടുതീർത്തതുമുതൽ ഹൃദയത്തിലുണ്ടായ ഒരു പോറൽ ഇപ്പോഴും എന്നെ നീറ്റിക്കൊണ്ടിരിക്കുന്നു. ഒരു കഥാകൃത്തിന് വായനക്കാരിൽ ഉണ്ടാക്കാൻ പറ്റുന്ന അത്തരം മുറിവുകൾ, അദ്ദേഹത്തിന്റെ കൈയ്യൊപ്പ് എന്ന നിലയിൽ അവിടെത്തന്നെ കിടന്നോട്ടെ. പ്രവാസ ജീവിതം നയിക്കാൻ വിധിക്കപ്പെട്ട ഒരുവനും, ഒരു നജീബോ ഹക്കീമോ ആവാനിടയാകല്ലെ എന്ന് കഥാകാരനോടൊപ്പം നമ്മളും ആഗ്രഹിച്ചുപോകുന്നു.

ജീവിതദുരന്തങ്ങളുടെ പാരമ്യത്തിൽ നാടുംവീടും വിട്ട് കടൽകടന്ന് പോകാൻ വിധിക്കപ്പെട്ട ഏതൊരാൾക്കും സംഭവിക്കാനിടയുള്ള ഒരു ദുരന്തമാണ് നജീബിന്റെ ജീവിതത്തിലൂടെ 'ആടുജീവിത'മായി നമ്മുടെ മുന്നിൽ നിറയുന്നത്. മറ്റൊരാളുടെ ജീവിതം അതിന്റെ എല്ലാ തീക്ഷ്ണതകളോടും കൂടി, ഒട്ടും ഭാവനാംശം കലരാതെ വരച്ചുകാട്ടാൻ ബെന്യാമിൻ എന്ന സാഹിത്യകാരൻ കാണിച്ച ധൈര്യത്തെയും സാഹസികതയെയും പ്രശംസിക്കേണ്ടതുതന്നെ. ഇടയ്ക്കെപ്പോഴൊക്കെയൊ എഴുത്തുകാരനും കഥാനായകനും തമ്മിലുള്ള അതിർവരമ്പ് അലിഞ്ഞില്ലാതാകുന്നതും, എഴുത്തുകാരൻ കഥാനായകൻ തന്നെയായി മാറുന്ന തന്മയീഭാവവും ഇതിൽ പ്രകടമായിക്കാണാം. മനുഷ്യത്വവും സഹജീവിസ്നേഹവുമുള്ള ഏതൊരാളുടെയും ജീവിതത്തിലോ ചിന്തകളിലോ ഒരു ചെറിയ കനലെങ്കിലും അവശേഷിപ്പിക്കാതെ വെറും വായനയിൽ അവസാനിക്കില്ല ആടുജീവിതം.





# ഒരു പൂ കൊഴിഞ്ഞ വേദനയിൽ

തുഷാര എം.
രണ്ടാം വർഷ ബി.കോം.



നന്ദി... കടമായി നീ തന്ന കനവിനും നിനവിനും
മഴവിൽ മിഴിവിൽ നീ കടം തന്നൊരാ-
മയിൽപ്പീലി പ്രണയത്തിനും
എരിയുമീ കനനിലേക്കൊരുതുള്ളിയെന്നപോൽ-
കവിതപെയ്തൊഴുകകയാണ്.
വഴിതെറ്റിവന്നൊരാ വസന്തം കൊഴിഞ്ഞപ്പോൾ
കടമായി തന്നത് തിരികെ ചോദിച്ചപ്പോൾ
ഒരു ചോദ്യചിഹ്നം ഉയർത്തിപ്പിടിച്ചെന്റെ
ജീവിതം പല്ലിളിച്ചപ്പോൾ
പ്രണയം വലിച്ചുകുടിച്ചെന്റെ സ്വപ്നങ്ങൾ
ഒരുപടുവൃക്ഷമായ് നിന്നു
ഇന്നാതരുശാഖയിൽ നിന്നു ജീവിതം
ഞെട്ടറ്റുവീഴുകയായി
എനിക്കായ് വരും വഴിതെറ്റിയല്ലാതൊരു വസന്തം
എൻ ജീവരാഗം പറിച്ചുനീട്ടീടുവാൻ
ഒരു പുഷ്പമായന്നു ഞാനും

റംഷി മജീദ്
രണ്ടാം വർഷ ബി.കോം.



# ഞാൻ കണ്ടത്



നാട്ടിൽ അരങ്ങേറും നീചമാ കാഴ്ചകൾ
കണ്ടെന്റെയുള്ളിൽ പിടഞ്ഞുവെന്തോ
കാട്ടുമൃഗങ്ങളിൽ കാണും പ്രവണത
നാട്ടിൽ അരങ്ങേറി ആഘോഷമായ്
സ്വന്തം രക്തം തിരിച്ചറിയാതവർ
എല്ലാം പണത്തിനായ് കാഴ്ചവെക്കും
ഒടുവിൽ ചിലർക്ക് സമ്മാനമോ നൽകുന്നു
കവിളുകളിൽ ആറാത്ത മിഴിനീരുകൾ
പുഞ്ചിരി തത്തിക്കളിക്കുമാ ചുണ്ടുകൾ
വഞ്ചനയുള്ളിൽ ഒളിച്ചുവെക്കും
ഇരയെ പിടിക്കുവാൻ തഞ്ചമോ നോക്കിടും
കാട്ടാളനായവർ കാത്തുനിൽക്കും
കാലമീ കാഴ്ചകൾ കണ്ടുരസിക്കുമാ
കുട്ടികൾ കാട്ടുമീ ക്രൂരകൾ.
നേരെന്ത് നെറിവെന്ത് അറിയാതെ അലയുമാ
യൗവ്വനം അക്രമം ശീലമാക്കും
ഇനിയെന്ത് ജീവിതം ഇനിയെന്ത് സൗഹൃദം
എല്ലാം പണത്തിനാൽ മൂടിയില്ലേ.



അശ്വതി ബെന്നി
ഒന്നാം വർഷ ഫിസിക്സ്

# അപസർപ്പക സാഹിത്യത്തിലെ മാന്ത്രികൻ



വായനയുടെ ചരിത്രത്തിലെ ഏറ്റവും പ്രിയങ്കരമായ സാഹിത്യരൂപമാണ് അപസർപ്പകകഥ. കഥപറച്ചിലിന് മനുഷ്യൻ കണ്ടെത്തിയ നിരവധി മാതൃകകളിലൊന്നാണിത്. വായനക്കാരെ ഉത്കണ്ഠാഭരിതരാക്കുക എന്നത് അപസർപ്പകകഥകളുടെ സവിശേഷതയാണ്. കുട്ടികൾ മുതൽ വൃദ്ധന്മാർ വരെയുള്ളവരിൽ നിഗൂഢതയോടുള്ള അനുരാഗം ഉള്ളതുകൊണ്ടാവാം കുറ്റാന്വേഷണസാഹിത്യം ജനപ്രീതിനേടിയത്. രഹസ്യമറിയാനുള്ള അടക്കാനാവാത്ത മനുഷ്യതൃഷ്ണയിൽ നിന്നാണ് കുറ്റാന്വേഷകൻ ജനിക്കുന്നത്. വിശ്വസാഹിത്യത്തിലെ പ്രസിദ്ധകൃതികളുടെ നിരയിൽ സ്ഥാനം പിടിച്ച ലോകത്തിലെ ആദ്യ കുറ്റാന്വേ